പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2256

15.7.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

# റിവർ മാനേജ്മെന്റ്

ചോദ്യം
ശ്രീ.എ.എ.അസീസ്:
ശ്രീ.കോവൂർ കുഞ്ഞുമോൻ:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ എത്രരൂപയാണ് നീക്കിയിരിപ്പുണ്ടായിരുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ തുക സമാഹരിക്കുന്നത് എപ്രകാരമാണ് ; | (ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ തുക സമാഹരിക്കപ്പെടുന്നത് താഴെ പറയും പ്രകാരമാണ്.<br><br>(i) തദ്ദേശാധികാരസ്ഥാപനങ്ങൾ മണൽവിൽപനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ 50% വരുന്ന തുക.<br><br>(ii) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് രൂപം നൽകിയ നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി സർക്കാർ നൽകുന്ന ഗ്രാന്റുകൾ.<br><br>(iii) പൊതുജനങ്ങളിൽ നിന്നും സർക്കാരേതര ഏജൻസികളിൽ നിന്നും സംഭാവനയായോ അംശാദായമായോ ലഭിച്ച പണം.<br><br>(iv) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിലേയോ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം ചുമത്തുന്ന എല്ലാ പിഴകളും. |

| | |
|---|---|
| | (v) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ഫണ്ടിലേയ്ക്ക് പിരിഞ്ഞ് കിട്ടേണ്ടിയിരുന്നതുമായ തുകകൾ. |
| (സി) പ്രസ്തുത ഫണ്ടിലുള്ള തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) പ്രസ്തുത ഫണ്ടിലുള്ള തുക താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കുന്നത്.<br>(1) സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടി വരുന്ന തുകകൾ.<br>(2) കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക<br>(3) ജില്ലാ വിദഗ്ദ്ധ സമിതികളുടെ യോഗ നടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടി വരുന്ന തുക.<br>(4) ആഡിറ്റ് ഫീസിനുള്ള തുക. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റിവർമാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ഉണ്ടായിരുന്ന തുക (31.3.2011)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 7,51,00,862/- |
| കൊല്ലം | 16,64,88,533/- |
| പത്തനംതിട്ട | 6,96,40,438/- |
| ആലപ്പുഴ | 43,03,540/- |
| കോട്ടയം | 2,83,67,399/- |
| ഇടുക്കി | 3,56,93,746/- |
| എറണാകുളം | 17,52,31,439/- |
| തൃശ്ശൂർ | 16,91,58,383/- |
| പാലക്കാട് | 51,76,34,339/- |
| മലപ്പുറം | 41,70,16,557/- |
| കോഴിക്കോട് | 19,44,00,500/- |
| വയനാട് | 1,48,50,832/- |
| കണ്ണൂർ | 6,38,84,523/- |
| കാസറഗോഡ് | 3,16,23,730/- |